(ഡി) ഇല്ലെങ്കിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തിയതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണ്;

(ഇ) പ്രസ്തുത മാറ്റങ്ങൾ ഗവൺമെന്റ് താല്പര്യങ്ങൾക്ക് അനുഗുണമായിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത മാറ്റം വരുത്തിയതിന് ഉത്തരവാദികളായവരുടെ മേൽ എന്ത് നടപടി എടുക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി ഡി.ഐ.പൈപ്പുകളോ മറ്റേതെങ്കിലും തരം പൈപ്പുകളോ വാങ്ങുന്നതിനുവേണ്ടിയുള്ള ടെണ്ടറുകൾ ഒന്നും കേരള വാട്ടർ അതോറിറ്റി ക്ഷണിച്ചിട്ടില്ല.

(ബി)—(ഇ) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ ശുദ്ധജല പദ്ധതി

80 [1910] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്; എത്ര പഞ്ചായത്തുകളിലാണ് നടപടി പൂർത്തീകരിക്കാനുള്ളത്;

(സി) കേന്ദ്ര സർക്കാരിൽനിന്ന് നാളിതുവരെ എത്ര ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണ്;

(ഇ) ഗുണഭോക്തൃ വിഹിതം എത്രയാണ്;

(എഫ്) നാളിതുവരെ വിവിധ ഇനത്തിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ജി) പാലക്കാട് ജില്ലയിൽമാത്രം ശുദ്ധജലയുടെ എത്ര പദ്ധതികളുണ്ട്; അവ ഏതെല്ലാം പഞ്ചായത്തുകളിലാണ്; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുജൽധാര-I പദ്ധതിയിൻകീഴിൽ 188 പദ്ധതികൾ ഇപ്പോൾ നടന്നുവരുന്നു. 42 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വന്നിരുന്ന സെക്ടർ റിഫോംസ് പദ്ധതിയുടെ തുടർച്ചയായി ഇപ്പോൾ നടപ്പിലാക്കിവരുന്ന സുജൽധാര-II പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) സുജൽധാര-I പദ്ധതി 100 പഞ്ചായത്തുകളിലാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 93 പഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. സുജൽധാര-II പദ്ധതി കാസർഗോഡ് ജില്ലയിൽ 17 ഗ്രാമ പഞ്ചായത്തുകളിലും കൊല്ലം ജില്ലയിൽ 26 ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു.

(സി) സുജൽധാര-I പദ്ധതിയുടെ ചെലവിലേക്കും ബോധവൽക്കരണ പരിപാടിക്കുമായി 1069.97 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടുണ്ട്. സെക്ടർ റിഫോംസ് പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കിവരുന്ന സുജൽധാര II പദ്ധതിക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. സെക്ടർ റിഫോംസ് പദ്ധതിയിൽ അനുവദിക്കപ്പെട്ട കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നുമാണ് സുജൽധാര-II പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) സുജൽധാര പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമില്ല.

(ഇ) മൊത്തം എസ്റ്റിമേറ്റ് തുകയുടെ 10% ആണ് ഗുണഭോക്തൃവിഹിതം.

(എഫ്) സുജൽധാരാ-I പദ്ധതിക്കായി നാളിതുവരെ 776.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) തച്ചമ്പാറ, വടക്കഞ്ചേരി, കിഴക്കഞ്ചേരി, പെരുമാട്ടി, പട്ടഞ്ചേരി, കരിമ്പ, കരിമ്പുഴ, കൊല്ലങ്കോട്, അമ്പലപ്പാറ, കണ്ണാടി, തരൂർ, വണ്ടാഴി എന്നീ പഞ്ചായത്തുകളിലായി പാലക്കാട് ജില്ലയിൽ 16 സുജൽധാരാ പദ്ധതികളുണ്ട്. തച്ചമ്പാറ പഞ്ചായത്തിലെ പായപ്പുള്ളി പദ്ധതി, പാലക്കയം (വാർഡ് 5) പദ്ധതി, പീനിക്കപ്പാറ പദ്ധതി, വടക്കഞ്ചേരി പഞ്ചായത്തിലെ കൊളക്കോട് പദ്ധതി, കിഴക്കഞ്ചേരി പഞ്ചായത്തിലെ ഒടുകിൻചോല പദ്ധതി, കരിമ്പുഴ പഞ്ചായത്തിലെ തുപ്പശ്ശേരിക്കുന്ന് പദ്ധതി, കൊല്ലങ്കോട് പഞ്ചായത്തിലെ തെക്കേത്തറ, ബി.ടി. പാളയം പുളിഗോട്ടുതറ പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കരിമ്പ പഞ്ചായത്തിലെ ആലുംകുന്ന്, പട്ടഞ്ചേരി പഞ്ചായത്തിലെ ചേരിങ്കൽ, പെരുമാട്ടി പഞ്ചായത്തിലെ പുതുശ്ശേരി, അത്തിമണി, തരൂർ പഞ്ചായത്തിലെ തോണിപ്പാടം-മരുതക്കോട്, കണ്ണാടി പഞ്ചായത്തിലെ കളിമൺപാടം- വടക്കുമുറി, അമ്പലപ്പാറ പഞ്ചായത്തിലെ കാളക്കുണ്ട്, കുണ്ടോരക്കുളം, വണ്ടാഴി പഞ്ചായത്തിലെ പച്ചറോഡ് എന്നീ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly